VI നിയമനിർമ്മാണകാര്യം

1978-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ

ശ്രീ. കെ.എ. മാത്യു: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. വളരെ പരിമിതമായ ഉദ്ദേശലക്ഷ്യത്തോടുകൂടിയാണ് ഈ ബിൽ ഇവിടെകൊണ്ടുവന്നിരിക്കുന്നത്. ഇന്നു നിലവിലുള്ള സർവ്വകലാശാലാ ബില്ലിന് ഒരു പൊളിച്ചെഴുത്ത് നടത്തേണ്ടതു അനുപേക്ഷണീയമാണെന്നുള്ള സാഹചര്യത്തിലാണ് എത്തിയിരിക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. സർ, വിജ്ഞാനത്തിന്റെ സിരാകേന്ദ്രമായിരിക്കേണ്ട, സംസ്കാരത്തിന്റെ കളിത്തൊട്ടിലായിരിക്കേണ്ട നമ്മുടെ സർവ്വകലാശാലകളും ഇന്ന് അത്ര അഭിലഷണീയമല്ല. തികച്ചും മൂന്നാംതരം ട്രേഡ് യൂണിയൻ പ്രവർത്തനം നടക്കുന്ന ഒരു വ്യവസായശാലയുടെ സ്ഥിതിയിലേക്ക് സർവ്വകലാശാലകളും അധഃപതിച്ചുപോയിയെന്നു പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. സർവ്വകലാശാലകളെക്കുറിച്ച്, ഉന്നത വിദ്യാഭ്യാസപീഠത്തെക്കുറിച്ച് എല്ലാം നമുക്കു ചില ധാരണകളുണ്ട്. വർഷങ്ങൾക്ക് മുൻപ് ഡോക്ടർ ജോൺസൺ എഴുതുകയുണ്ടായി ''Examinations were false and degrees were secretly sold''. എന്നാൽ വർഷങ്ങൾക്ക് ശേഷം ഇന്നു നമ്മുടെ സർവ്വകലാശാലകളുടെ ഡിഗ്രി സർട്ടിഫിക്കറ്റുകൾ ബോംബെയിലെ കടകളിൽനിന്നും വാങ്ങാൻ കിട്ടുന്നു, അതുപോലെതന്നെ ഉത്തരക്കടലാസുകൾ കണ്ണൂരിൽനിന്നും കണ്ടുപിടിച്ചുവെന്നെല്ലാം കേൾക്കുമ്പോൾ വർഷങ്ങൾക്ക് മുൻപ് ഡോക്ടർ ജോൺസൺ എഴുതിയത് സർവ്വകലാശാലകളെ മുമ്പിൽ കണ്ടുകൊണ്ടാണോയെന്നു സംശയിക്കുകയാണ്. അത്രത്തോളം പരിതാപകരമായ ഒരു സ്ഥിതിവിശേഷം സർവ്വകലാശാലകളെ സംബന്ധിച്ചിടത്തോളം ഉണ്ടാകാൻ പാടില്ല. ഒരു പരിധിവരെ, ചില അധികാരങ്ങൾ നാം തന്നെ പാസ്സാക്കി കൊടുത്തതുകൊണ്ട് ആ അധികാരങ്ങൾ ദുർവിനിയോഗം ചെയ്യുന്നതുകൊണ്ടല്ലേ ഇപ്രകാരം സംഭവിക്കുന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സർവ്വകലാശാലകൾക്ക് സ്വയംഭരണാവകാശം ഉണ്ടായിരിക്കണമെന്നും, സർവ്വകലാശാലകൾക്ക് ഓട്ടോണമി ഉണ്ടായിരിക്കണമെന്നും വാദിക്കുന്നുണ്ട്. നമ്മുടെ സർവ്വകലാശാലകളെ സംബന്ധിച്ചിടത്തോളം ഈ ഓട്ടോണമി അരാജകത്വാധിപത്യമായി മാറിയിട്ടില്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. അത് നിശ്ചയമായും ഭൂഷണമല്ല. പിന്നെ അക്കാഡമിക് മാറേറഴ്സിനെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ സിലബസ് ഉണ്ടാക്കുക ബോർഡ് ഓഫ് സ്റ്റഡീസിന്റെ ഫംഗ്ഷൻ നടത്തുക എന്നിങ്ങനെ ഉള്ള കാര്യങ്ങളിലൊക്കെ പൂർണ്ണമായ ഓട്ടോണമി അനുവദിക്കുന്നതിന് ആരുംതന്നെ എതിരല്ല. ഭരണപരമായ കാര്യങ്ങളിൽ ഇന്ന് എന്ത് തെറ്റുണ്ടായാലും, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ മൂന്നാംതരം ട്രേഡ് യൂണിയൻ പ്രവർത്തനം നടത്തിയാൽ നിയന്ത്രിക്കുന്നതിന് ഈ ഗവൺമെൻറിന് അധികാരമില്ലാത്ത സ്ഥിതിവിശേഷമുണ്ടായാൽ അത് ഭൂഷണമല്ലായെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഒരു റിസൽട്ട് വന്നപ്പോൾ ഒരു കുട്ടി പരാജയപ്പെട്ടു. സെപ്തംബറിൽ ഫീസ് അടയ്ക്കുന്നതിന് സർവ്വകലാശാലയിൽ വന്നപ്പോൾ ആ കുട്ടിയോട് പറഞ്ഞു, ഫീസ് അടയ്ക്കേണ്ട, താൻ ജയിച്ചിരിക്കുന്നുവെന്ന്. ആ സന്തോഷത്തോടുകൂടി കുട്ടി വീട്ടിൽ പോയി. രണ്ടു ദിവസം കഴിഞ്ഞപ്പോൾ ആ കുട്ടിക്ക് കിട്ടിയ ഒരു രജിസ്റേർഡ് ലറർ

LIBRARY ARCHIVES Kerala Legislative Assembly

ഭേദകരമായിട്ടുള്ളതാണ്. അതായത് ആ കുട്ടി തോറ്റിരിക്കുന്നു, ഫീസ് അടയ്ക്കണം എന്നുള്ളതായിരുന്നു. ഇതിനുത്തരവാദികളായ ആളുകളുടെ പേരിൽ നടപടി സ്വീകരിച്ചുവെന്നുള്ളതിന് നമ്മുടെ സർവ്വകലാശാല യുടെ പ്രവർത്തനം പോലും സ്തംഭിപ്പിക്കുന്നതിന് അവിടത്തെ ആളുകൾ മുമ്പോട്ടു വന്നു എന്നുള്ളത് നാം വിസ്മരിക്കുവാൻ പാടില്ല. സമൂഹത്തിന് ഉപകാരപ്രദമല്ലാത്ത രീതിയിലുള്ള പ്രവർത്തനങ്ങൾ നട ത്തുമ്പോൾ അത് തിരിച്ചുവിടുന്നതിന് ഗവൺമെൻറിന് കഴിയുന്നി ല്ലെങ്കിൽ ആ ഓട്ടോണമി വകവച്ചുകൊടുക്കുവാൻ പാടില്ല. സർവ്വകലാ ശാലകളിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്ന ഈ രീതിയിലുള്ള പ്രവർത്തന ങ്ങളെ ഒന്നു തുടച്ചുമാറ്റി അതൊന്നു വൃത്തിയാക്കണമെങ്കിൽ നിശ്ചയ മായും ഈ ഗവൺമെൻറിന് കുറേയൊക്കെ പ്രവർത്തിക്കുവാൻ കഴിയണം.

കഴിഞ്ഞദിവസം ശ്രീ. ദേവസ്സിക്കുട്ടി വളരെയേറെ കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വ്യക്തമായി ചില നിയമങ്ങൾ ഉണ്ടായിരുന്നിട്ടുപോലും, വ്യക്തമായ ധാരണകളുണ്ടായിരുന്നിട്ടുപോലും അതൊക്കെ കാറ്റിൽപറത്തിക്കൊണ്ട് പുറംവാതിലിൽക്കൂടിയുള്ള ചില പ്രവർത്തനങ്ങൾ യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. ശ്രീ. ദേവസ്സിക്കുട്ടി അതിനെക്കുറിച്ച് ഇവിടെ വിശദീകരിച്ചതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. യൂണിവേഴ്സിറ്റിയെ സംബന്ധി ച്ചുള്ള എന്ത് കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാലും അതിൽ ഗവൺമെൻറിന് കൈകടത്തുവാൻ അവകാശമില്ലായെന്നുള്ള സമാധാനം ഇനി കേട്ടുകൊണ്ടിരിക്കുവാൻ സാധ്യമല്ല. അതുകൊണ്ട് സമഗ്രമായ പൊളിച്ചെഴുത്ത് യൂണിവേഴ്സിറ്റി ബില്ലിൽ ആവശ്യമാണ്. അത് ബഹുമാനപ്പെട്ട ഗവൺമെൻറ് ഗൗരവപൂർവ്വം കണക്കിലെടു ക്കണം. എന്നാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്.

പുതിയ കോഴ്സ് അനുവദിക്കുന്നതിനെക്കുറിച്ച് പറഞ്ഞു. പുതിയ കോഴ്സ് അനുവദിക്കണമെങ്കിൽ ഗവേണിംഗ് ബോഡി കോൺ സ്റ്റിറ്റ്യൂട്ട് ചെയ്യണം എന്നെല്ലാം സർവ്വകലാശാല നിർബന്ധിക്കു ന്നുണ്ട്. സുപ്രീംകോടതി റദ്ദാക്കിയ ഒരു വകുപ്പ് പുറംവാതിലിൽ ക്കൂടി അടിച്ചേൽപ്പിക്കുന്നതിനുള്ള വ്യഗ്രതയാണ് കാണിക്കുന്നത് എന്നുള്ളതിനെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാം. ഒരു കോളേജിൽ നിയമനം കിട്ടി മാസങ്ങൾ പലതുകഴിഞ്ഞാലും സർവ്വകലാശാലയുടെ അംഗീകാരം കിട്ടിയില്ലെങ്കിൽ അവർക്കു ശമ്പളം കിട്ടാത്ത സ്ഥിതി വിശേഷമുണ്ട്. എനിക്ക് അതിനെക്കുറിച്ച് നേരിട്ടറിയാവുന്നതാണ് മാനേജ്മെൻറും ഗവൺമെൻറും ഉണ്ടാക്കിയിട്ടുള്ള എഗ്രിമെൻറ് വ്യവ സ്ഥയനുസരിച്ച് കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത തിരഞ്ഞെ ടുപ്പ് നടത്തി, നിയമനം ലഭിച്ചിട്ടുള്ള അനേകം അദ്ധ്യാപകർക്ക് സർവ്വ കലാശാലയുടെ അംഗീകാരം കിട്ടാത്തതുമൂലം ശമ്പളം ലഭിക്കുന്നില്ലെന്നുള്ള ഒരുണസത്യം ഇന്നും അവശേഷിക്കുകയാണ്.

VII അനദ്ധ്യോഗികാംഗങ്ങളുടെ കാര്യം

(1) അനദ്ധ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട്

10 a.m.] ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അനദ്ധ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരി പ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly